പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

30-07-2015 ൽ മറുപടിക്ക്

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 638**

## കെൽട്രോണിനെ സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.ടി.എം.തോമസ് ഐസക്**<br>**ശ്രീ. ഇ.പി.ജയരാജൻ**<br>**ശ്രീ.സി. കൃഷ്ണൻ**<br>**ശ്രീ.കെ.ദാസൻ** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) തകർച്ച നേരിടുന്ന കെൽട്രോണിനെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപറേഷൻ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിൻെറ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിൻെറ ഭാഗമായി ട്രാഫിക്സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെട്രിക്ക് ഐഡികാർഡ്, ഡിഫൻസ് ഇലക്ട്രോണിക്സ്, എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഐടി, ഐടി വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെൽട്രോണിന് വിവിധ പദ്ധതികൾക്കായി 16 കോടിരൂപയും അനുബന്ധ യൂണിറ്റായ കണ്ണൂരിലെ കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടിരൂപയും സർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോൺ ഇലക്ട്രോ സിറാമിക്സിൻെറ ട്രാൻസ്ഡ്യൂസർ ഉൽപ്പാദനസംവിധാനങ്ങൾ നവീകരിക്കുന്നതിനായി 145 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |

(ബി) ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ മേഖലയിൽ സർക്കാർ പദ്ധതികളിൽ കെൽട്രോണിനെ അവഗണിക്കുന്നുണ്ടോ ; ഇത് കെൽട്രോൺ കൂടുതൽ തകരുന്നതിനു കാരണമാകുന്നുണ്ടോ പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാരിന്റേതടക്കമുള്ള വിവിധ മേഖലകളിൽ കെൽട്രോണിനെ ഏൽപ്പിക്കാവുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; അത്തരം പ്രവൃത്തികൾ കെൽട്രോണിന് നൽകി അതിനെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) & (സി)

ഇല്ല. ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ മേഖലയിൽ കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ധനസഹായം ഉൾപ്പെടെയുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ സർക്കാർ വകുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇലക്ട്രോണിക്സ് സംബന്ധമായ നവീന സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികളിൽ കെൽട്രോണിന്റെ കൂടി പങ്കാളിത്തത്തോടെയാണ് നടപ്പിൽ വരുത്തുന്നത്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള എൽഇഡി സ്ട്രീറ്റ് ലൈറ്റ് പദ്ധതി, സിഗ്നൽ സുരക്ഷാ സംവിധാനം എന്നിവ, ഭാഗികമായി കെൽട്രോണിനെ സർക്കാർ ഏൽപ്പിച്ചിട്ടുണ്ട്.

ഇതു കൂടാതെ സർക്കാർ വകുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിന് കെൽട്രോണിനെ നോഡൽ ഏജൻസിയാക്കുന്നതിലൂടെ കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നതാണ്.

സെക്ഷൻ ഓഫീസർ